STANDARD X  BIOLOGY

STUDY NOTES BASED ON ONLINE CLASS 28-10-2020

**കാൻസർ :**

നമ്മുടെ ശരീരകോശങ്ങളിലെ വിഭജനവുമായി ബന്ധപ്പെട്ട രോഗമാണ് കാൻസർ. കോശങ്ങളുടെ അമിതവും നിയന്ത്രണാതീതവും ആയ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതര കലകളിലേയ്ക്ക് വ്യാപിക്കുന്ന രോഗാവസ്ഥയാണ് ഇത്.

**കാരണം:**

- കോശവിഭജന പ്രകിയയെ നിയന്ത്രിക്കുന്നത് കോശത്തിലുള്ളിലെ ജീനുകളാണ്.
- ഈ ജീനുകൾക്കുണ്ടാകുന്ന തകരാറുകൾ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാക്കുന്നതോടെയാണ് സാധാരണ കോശങ്ങൾ കാൻസർ കോശങ്ങളായി മാറുന്നത്.

സാധാരണ കോശങ്ങൾ          കാൻസർ കോശങ്ങൾ



**എങ്ങനെയൊക്കെ ജീനുകൾക്ക് തകരാർ ഉണ്ടാകാം ?**

- പരിസ്ഥിതി ഘടകങ്ങൾ
- പുകവലി വികിരണം
- വൈറസ്
- പാരമ്പര്യഘടകങ്ങൾ
- വൈറസ്

■ രക്തം, ലിംഫ് എന്നീ ശരീരദ്രവങ്ങളിലൂടെ കാൻസർ കോശങ്ങൾ മറ്റ ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ച് രോഗാവസ്ഥ സങ്കീർണമാകാം.

**പരിഹാരമാർഗ്ഗങ്ങൾ :**

- ശസ്ത്രക്രിയ
  (സാർകോമ, അണ്ഡാശയ കാൻസർ, സ്തനാർബുദം, ബ്രെയിൻ ട്യൂമർ, നാക്കിലെ കാൻസർ, വയറിലെ ട്യൂമറുകൾ, കഴുത്തിലെ ഗ്രന്ഥികൾ (lymph nodes) എന്നിവയ്ക്കാണ് ഫലപ്രദം.
- രാസചികിത്സ( Chemo Therapy)
- വികിരണചികിത്സ

- രോഗം മൂർഛിച്ച അവസ്ഥയിൽ രോഗമുക്തി പ്രയാസകരമായതിനാൽ ഏറ്റവും നേരത്തേ രോഗബാധ തിരിച്ചറിയുക എന്നത് കാൻസർ ചികിത്സയിൽ നിർണായകമാണ്.

**കാൻസർ രോഗത്തെ ഒഴിവാക്കാനുള്ള ജീവിതശൈലി:**

- പുകവലി ഒഴിവാക്കുക
- ആരോഗ്യകരമായ ഭക്ഷണം കഴിക്കുക
- ആരോഗ്യകരമായ ശരീര ഭാരം നിലനിർത്തുക, ശാരീരികമായി സജീവമായിരിക്കുക.
- സൂര്യതാപത്തിൽനിന്ന് സ്വയം പരിരക്ഷിക്കുക
- കാൻസറിന് കാരണമാകാവുന്ന ചില വൈറസ് രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് എടുക്കുക
- പതിവായി വൈദ്യസഹായം തേടുക

**കാൻസർ രോഗികൾക്ക് സാന്ത്വനമേകാനുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ :**

- വീടുകളിൽ പോയി മരുന്നുകൾ എത്തിച്ചുകൊടുക്കുന്നു.
- മുടി നഷ്ടപ്പെട്ടവർക്ക് മുടി എത്തിച്ചുകൊടുക്കുന്നു.
- മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്നു
- രോഗിക്കും കുടുംബാംഗങ്ങൾക്കും സാമൂഹിക, സാമ്പത്തിക വൈകാരിക പിന്തുണ നൽകുന്നു
- പാവപ്പെട്ട കാൻസർ രോഗികൾക്ക് സൗജന്യ / കുറഞ്ഞ ചെലവിലുള്ള ചികിത്സ നൽകുന്നു.

**ജീവിതശൈലീരോഗങ്ങൾ:**




- അനാരോഗ്യകരമായ ജീവിതരീതി ക്ഷണിച്ചുവരുത്തുന്ന രോഗങ്ങളാണ് ജീവിതശൈലീരോഗങ്ങൾ.

**പ്രധാന കാരണങ്ങൾ :**

- ഭക്ഷണശീലത്തിൽ വന്ന മാറ്റങ്ങൾ
- വ്യായാമമില്ലായ്മ
- മാനസികസംഘർഷം

- മദ്യപാനം, പുകവലി
- മയക്കുമരുന്നുപയോഗം

**വിവിധ ജീവിതശൈലീരോഗങ്ങൾ , കാരണങ്ങൾ:**




ധമനികളിൽ കൊഴുപ്പടിഞ്ഞ് രക്തപ്രവാഹം തടസ്സപ്പെടുന്നത്.

**പുകവലി മൂലം ഉണ്ടാകാവുന്ന ചില ആരോഗ്യപ്രശ്നങ്ങൾ :**

**തലച്ചോറ്**

- പക്ഷാഘാതം
- നിക്കോട്ടിനോട് വിധേയത്വം

**ശ്വാസകോശം**

- ശ്വാസകോശ കാൻസർ
- ബ്രോങ്കൈറ്റിസ്
- എംഫിസീമ

**ഹൃദയം**

- ഉയർന്ന രക്തസമ്മർദ്ദം
- ധമനികളുടെ ഇലാസ്തികത നഷ്ടപ്പെടൽ.
- പ്രവർത്തന ക്ഷമത കുറയൽ.

**ജന്തുരോഗങ്ങൾ :**

മനുഷ്യർക്ക് മാത്രമല്ല, ജന്തുക്കൾക്കും സൂക്ഷ്മ ജീവികൾമൂലം പല രോഗങ്ങൾ ഉണ്ടാകാറുണ്ട്.

| രോഗം | രോഗകാരി |
|---|---|
| ആന്ത്രാക്സ്, അകിടുവീക്കം | ബാക്ടീരിയ |
| കുളമ്പു രോഗം | വൈറസ് |

ജന്തുരോഗങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർത്ത് പട്ടിക വിപുലപ്പെടുത്തുക

| രോഗം | രോഗകാരി | ലക്ഷണം |
|---|---|---|
| അകിട് വീക്കം | ബാക്ടീരിയ | അകിടിൽ നീരുവന്നു വീർക്കുന്നു . ക്രമേണ അകിടിലെ സംയോജകപേശികൾ വർദ്ധിച്ച് അകിടു കല്ലിച്ചുപോകുന്നു. |
| ആന്ത്രാക്സ് | ബാക്ടീരിയ | പനി, ശ്വാസ തടസ്സം, വിറയൽ, മൂക്കിൽനിന്ന് നീരൊലിപ്പ്, കണ്ണുകൾ ചുവക്കൽ. |
| കുളമ്പുരോഗം | വൈറസ് | ശക്തിയായ പനി<br>നാക്ക്,മോണ എന്നിവിടങ്ങളിൽ ദ്രാവകം നിറഞ്ഞ കുമിളകൾ പ്രത്യക്ഷപ്പെടും. ഇവ പിന്നിട് വ്രണങ്ങളാകുന്നു. വായിൽ നിന്ന് ഉമിനീർ നൂലുപോലെ ഒലിക്കുന്നു, തീറ്റതിന്നാൻ മടികാണിക്കുന്നു. കുമ്പുകൾക്കിടയിലൽ വ്രണങ്ങൾ പ്രത്യക്ഷപ്പെടും. |

## സസ്യരോഗങ്ങൾ:

| **രോഗം** | **രോഗകാരി** |
|---|---|
| നെൽച്ചെടിയിലെ ബ്ലൈറ്റ് രോഗം, | ബാക്ടീരിയ |
| വഴുതനയിലെ വാട്ടരോഗം. | ബാക്ടീരിയ |
| പയർ, മരച്ചീനി എന്നിവയിലെ മൊസൈക് | വൈറസ് |
| വാഴയിലെ കുറുനാമ്പുരോഗം. | വൈറസ് |
| തെങ്ങിന്റെ കൂമ്പുചീയൽ | ഫംഗസ് |
| കുരുമുളകിന്റെ ദ്രുതവാട്ടം | ഫംഗസ് |

**പ്രവർത്തനങ്ങൾ:**

1.പുകവലിക്കെതിരായ പോസ്റ്റർ നിർമ്മിക്കുക.

2.ജന്തുരോഗങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച്  കുറിപ്പ് തയ്യാറാക്കുക

3.സസ്യരോഗങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക